**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **03-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ്** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും സംയോജിതമായി രൂപം നൽകിയ സംയുക്ത സംരഭ കമ്പനിയാണ് കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്. പ്രസ്തുത കമ്പനി സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുത്ത് സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ചെയ്തുവരുന്നു. ടി കമ്പനിക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) രൂപീകരിക്കാൻ കഴിയും. അതിൽ മറ്റ ഓഹരി ഉടമകളുടെ ഇക്വിറ്റി ഹോൾഡിംഗ് ഉണ്ടായിരിക്കും. പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) നടപ്പാക്കുന്നത് റെയിൽവേ മന്ത്രാലയവുമായി കൂടിയാലോചിച്ചായിരിക്കും. കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ. ഡി.സി.എൽ) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഇവയാണ് :<br>1)തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതുതായി രണ്ടു റെയിൽവേ ലൈനുകളുടെ നിർമ്മാണം 2) തലശ്ശേരി - മൈസൂർറയിൽവേ ലൈൻ 3) നിലംബൂർ- നൻജഗഡ് റയിൽ ലൈൻ 4) അങ്കമാലി - ശബരി റെയിൽ ലൈൻ<br>സംസ്ഥാനത്തിന്റെ റെയിൽ-റോഡ് മേഖലയിൽ വൻ മുന്നേറ്റം നേടേണ്ടതും നിലവിലെ ഗതാഗത |

സംവിധാനത്തിന്റെ പോരായ്മകൾ മൂലം യാത്രാക്ലേശം അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനകാര്യത്തിൽ ഒരു വൻ മുന്നേറ്റം കൈവരിക്കേണ്ടതിനും കെ-റെയിൽ നടപ്പാക്കുന്ന ഈ പദ്ധതികൾ സഹായകമാകും. ഇതിൽ, സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിനു വൻ കുതിപ്പേകുന്ന അന്താരാഷ്ട്ര നിലവാരത്തിൽ എത്തുന്ന തരത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനായി തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിൽ മൂന്നും നാലും പാത നിർമിക്കുക എന്നതാണ് കേരള റെയിൽ വികസന കോർപ്പറേഷൻ നടത്തുന്ന പ്രധാന പദ്ധതി. ഗ്രീൻ ഫീൽഡ് ഇടനാഴിയായി രണ്ട് അധിക റെയിൽവേ ലൈനുകൾ നിർമ്മിച്ച് മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിൽ സെമി ഹൈ സ്പീഡ് ട്രെയിനുകൾ ഓടിക്കുക എന്നതാണ് പ്രൊപ്പോസൽ. ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്ത് എത്തിച്ചേരാനും നാലുമണിക്കൂറിനുള്ളിൽ തിരുവനന്തപുരത്ത് നിന്നും കാസർഗോഡെത്താനും ഇത് സഹായിക്കും. പ്രസ്തുത പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കേരള സർക്കാർ അംഗീകരിച്ച് റയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ, നിലംബൂർ- നൻജഗഡ് റെയിൽ ലൈൻ തലശ്ശേരി - മൈസൂർ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് റെയിൽവേ ബോർഡിനു സമർപ്പിച്ചിരുന്നു. പദ്ധതിയുടെ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും നടന്നുവരികയാണ്. പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിനു തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സർക്കാർ തലത്തിൽ കത്തിടപാടുകൾ നടത്തിവരുന്നു. ഉന്നതതല യോഗങ്ങൾ ചേരുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സമാനമായി തന്നെ നിലമ്പൂർ നൻജഗഡ് റെയിൽ പദ്ധതിയുടെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. രണ്ട് പദ്ധതികൾക്കുമായി പശ്ചിമഘട്ടത്തിൽ ഒരു പൊതു കവാടം നിർദ്ദേശിക്കുകയുണ്ടായി. ഈ രണ്ട് പദ്ധതികളുടേയും അലൈൻമെന്റിനു കർണാടക സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അംഗീകാരം ലഭിച്ച

| | | | |
|---|---|---|---|
| | | | കഴിയുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്. അങ്കമാലി - ശബരി റെയിൽ ലൈൻ അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡിൽ നിന്നുമുള്ള 23.01.2017, 12.10.2017, 18.07.2019 തീയതികളിലുള്ള കത്തുകളിൽ റെയിൽബോർഡ് സംസ്ഥാന സർക്കാർ 50 ശതമാനം പദ്ധതി തുക വഹിക്കണം എന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് സ.ഉ(കൈ) നം. 1/2021/ഗതാ തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ, എൻജിനിയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ 1-6എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള മറുപടി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (ബി) | പാതയിരട്ടിപ്പിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സിഗ്നലിംഗ് നവീകരണ പ്രവൃത്തികൾ സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് പ്രതിബന്ധമായിരിക്കുന്നതിനാൽ ഇതിനായുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | പാതയിരട്ടിപ്പിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സിഗ്നലിംഗ് നവീകരണ പ്രവൃത്തികളിലെ നടത്തിപ്പ് ചുമതല ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേക്കാണ് നൽകിയിരിക്കുന്നത്. എന്നിരുന്നാലും ഈ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ടി സംസ്ഥാന റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയത്തിനു കത്ത് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ കാര്യമായ പുരോഗതിയില്ലാത്തത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വികസന പ്രവർത്തനങ്ങൾ ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ ഡെവലപ്മെൻറ് കോർപ്പറേഷൻ, റെയിൽവേ ലാൻറ് ഡെവലപ്മെൻറ് അതോറിറ്റി എന്നീ ഇന്ത്യൻ റെയിൽവേ പൊതു മേഖലാ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. വർക്കല സ്റ്റേഷൻ നവീകരണവുമായി ബന്ധപ്പെട്ട് വി.ഐ.വി.ഐ.ഡി എന്നൊരു എസ്.പി.വി. |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ ഡെവലപ്മെൻറ് കോർപ്പറേഷനുമായി ഒരു ധാരണാപ്പത്രം ഒപ്പിടുന്നതിനായുള്ള നടപടിക്രമങ്ങൾ സർക്കാർ നടത്തിവരികയാണ്. കൂടാതെ എറണാകുളം സ്റ്റേഷൻ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് പ്രസ്തുത സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോച്ചിംഗ് ടെർമിനൽ ആക്കി മാറ്റുന്നതിനായുള്ള ഒരു പ്രൊപ്പോസൽ നിർദ്ദേശിക്കുകയുണ്ടായി. എറണാകുളം മാർഷലിംഗ് യാർഡ് - കോച്ചിംഗ് ടെർമിനൽ വികസനം എന്ന പദ്ധതിയുടെ സാധ്യതാ പഠനം റെയിൽവേയുടെയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സംരംഭമായ കെ-റെയിൽ നടത്തിയിട്ടുണ്ട്. ഈ സാധ്യതാ പഠന റിപ്പോർട്ട് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ